(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്വർണ്ണം വിൽക്കുന്ന സമയത്ത് സ്വർണ്ണക്കടക്കാരൻ ഉപഭോക്താക്കൾക്ക് നൽകുന്ന ബില്ലിൽ കാരറ്റ് ചേർത്തിരിക്കണം എന്ന ചട്ടം നിലവിലുണ്ട്. ഇത് ലംഘിക്കുന്ന സ്വർണ്ണക്കടകൾക്കെതിരെ നിയമാനുസൃതമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

ഒരു വീട്ടിൽ ഒരു കയർ ഉല്പന്നം

183 (1216) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടപ്പാക്കിയ ഒരു വീട്ടിൽ ഒരു കയർ ഉൽപ്പന്നം എന്ന ആശയം നടപ്പാക്കുന്ന പദ്ധതി ഇപ്പോൾ നിലവിലുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ബി) കയർ ഉൽപ്പന്നങ്ങളുടെ ആഭ്യന്തര വിപണി മെച്ചപ്പെടുത്തുന്നതിന് നടപ്പാക്കിയ പദ്ധതികൾ വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കയർ ഉല്പന്നങ്ങളുടെ ആഭ്യന്തര വിപണനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഇന്ത്യയിൽ ഏജൻസി ഷോറൂമുകൾ ഉൾപ്പെടെ ഷോറൂം വില്പനശാലകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ, നിലവിലുള്ള ഷോറൂമുകൾ പുനരുജ്ജീവിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. കയർ കേരള പോലുള്ള എക്സിബിഷനുകൾ സംഘടിപ്പിച്ചും പങ്കെടുത്തും ഒരു വീട്ടിൽ ഒരു കയർ ഉല്പന്നം പോലുള്ള പരസ്യങ്ങൾ നൽകിയും വൈവിദ്ധ്യവത്ക്കരണത്തിലൂടെ പുതിയ ഉല്പന്നങ്ങൾ ഉല്പാദിപ്പിച്ചും ആഭ്യന്തര വിപണനം ശക്തമാക്കുന്നുണ്ട്. കയർ ഉല്പന്നങ്ങളുടെ ആഭ്യന്തര വിപണനം വർദ്ധിപ്പിക്കുവാൻ കയർഫെഡ് പുതിയ ഏജൻസി ഷോറൂമുകൾ തുറക്കുകയും എക്സിബിഷനുകളിൽ പങ്കെടുക്കുകയും ചെയ്തിട്ടുണ്ട്. കയർ പൊതുമേഖലാ സ്ഥാപനങ്ങളുടെയും കയർ സഹകരണ സംഘങ്ങളുടെയും ആഭ്യന്തര വിദേശ വിപണനം വർദ്ധിപ്പിക്കുന്നതിന് അവരെ പ്രാപ്തരാക്കുന്നതിനുവേണ്ടി നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ ഒരു Marketing Research Division ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly